

# നീതിക്ക് നിലനിൽപിന് യുവതയുടെ സമരസാക്ഷ്യം

കെ.ടി. ഹുസൈൻ

**പ്രപഞ്ചഘടന** നീതിയിലധിഷ്ഠിതമാണ്. കോടാനുകോടി വർഷങ്ങളായി പ്രാപഞ്ചിക വ്യവസ്ഥ തകരാതെയും താളപ്പിഴ കൂടാതെയും നിലനിൽക്കുന്നത് ദൈവം അതിലെ ഓരോ ഘടകവും സന്തുലിതമായി സംവിധാനിച്ചതുകൊണ്ടാണ്. പ്രപഞ്ചത്തിന്റെ നിലനിൽപിന് തന്നെ ആധാരം നീതിയാണ്. പ്രപഞ്ചത്തിലെ ഏറ്റവും ഉത്കൃഷ്ട ജീവിയായ മനുഷ്യനും അവന്റെ കൂട്ടായ്മകളായ കുടുംബം, സമൂഹം, രാഷ്ട്രം തുടങ്ങിയ സ്ഥാപനങ്ങളും തകരാതിരിക്കണമെങ്കിൽ അവയോരോന്നും നീതിയിലധിഷ്ഠിതമായിരിക്കണം. മനുഷ്യന്റെ കൈയേറ്റം മൂലം ഇവയിൽ എവിടെ താളപ്പിഴ സംഭവിച്ചാലും അത് വ്യക്തിക്ക് മനസ്സംഘർഷത്തിനും കുടുംബത്തിൽ അസ്വസ്ഥതക്കും സമൂഹത്തിലും രാഷ്ട്രത്തിലും കലഹത്തിനും കാരണമാകും. ദൈവം നീതിയോടെ സംവിധാനിച്ച പ്രപഞ്ചം പോലും നീതിനിഷേധത്തിന്റെ കെടുതികളിൽനിന്ന് സുരക്ഷിതമാകില്ല. നാനാ വിധത്തിലുള്ള നീതിനിഷേധം അരങ്ങുതകർക്കുന്ന സമകാലിക ലോകത്തിന്റെ അവസ്ഥ ഈ യാഥാർഥ്യത്തിന് അടിവരയിടുന്നു.

ആധുനികലോകം ഭൗതികമായി ഏറെ പുരോഗതി പ്രാപിച്ചിട്ടുണ്ടെങ്കിലും ഓരോ വ്യക്തിയും ഇന്ന് അസ്വസ്ഥനും മാനസിക സംഘർഷങ്ങൾക്കടിപ്പെട്ടവനുമാണ്. സമൂഹമാകട്ടെ സംഘർഷങ്ങളുടെയും കലഹങ്ങളുടെയും വിളനിലവും. ഭോഗാസക്തിക്കും ദുർമോഹങ്ങൾക്കും അടിപ്പെട്ട മനുഷ്യൻ സുഖഭോഗ സാക്ഷാത്കാരത്തിനു വേണ്ടി നടത്തുന്ന കൈയേറ്റങ്ങൾ നീതിനിഷേധത്തിനും അസ്വസ്ഥതക്കും പ്രധാന കാരണമായി വർത്തിക്കുന്നു. എത്ര നേടിയാലും സംതൃപ്തി വരാത്ത മാനസികാവസ്ഥ നീതി നിഷേധിക്കുന്നവരിലും രൂപപ്പെട്ടുകൊണ്ടിരിക്കുന്നു.

സമൂഹവും രാഷ്ട്രവും അവയുടെ രൂപീകരണലക്ഷ്യം മറന്ന് ഏറ്റവും വലിയ മർദനോപകരണങ്ങളായി മാറുകയോ മർദകരുടെ പക്ഷം ചേരുകയോ ചെയ്യുന്ന ചരിത്രസന്ദർഭത്തെയാണ് ഇന്ന് നമുക്ക് അഭിമുഖീകരിക്കേണ്ടിവന്നിരിക്കുന്നത്. വ്യക്തികൾക്ക് അർഹമായ അവകാശങ്ങൾ വകവെച്ചുകൊടുക്കുകയും നീതി നിഷേധിക്കപ്പെടുന്ന സാഹചര്യം ഇല്ലായ്മ ചെയ്ത് സമൂഹത്തിന്റെ സന്തുലിതത്വം നിലനിർത്തുകയുമാണല്ലോ രാഷ്ട്രത്തിന്റെയും മറ്റും അടിസ്ഥാന ലക്ഷ്യം.

## അനീതിയുടെ ലോകക്രമം

സാമൂഹിക നീതിക്ക് ഉപയുക്തമായിത്തീരുന്ന എല്ലാ കൂട്ടായ്മകളെയും തകർക്കുകയോ നിർവീര്യമാക്കുകയോ ചെയ്ത്, അമേരിക്ക പ്രതിനിധാനം ചെയ്യുന്ന അനീതിയുടെ ആഗോളക്രമം ലോകത്തെ അടക്കിഭരിച്ചുകൊണ്ടിരിക്കുന്നതിനാൽ ഒരു രാഷ്ട്രത്തിനും നീതിയുടെ പക്ഷത്ത് നിൽക്കാൻ പറ്റാത്ത അവസ്ഥ രൂപപ്പെട്ടുകൊണ്ടിരിക്കുന്നു. അനീതി ചെയ്യുന്നതിനു പുറമെ, സ്വന്തം താൽപര്യത്തിനനുസരിച്ച് നീതിയെ വ്യാഖ്യാനിക്കുക കൂടി ചെയ്ത് തങ്ങളുടെ പക്ഷത്ത് നിൽക്കാത്തവരെയൊക്കെ പിശാചിന്റെ

**ഭീകരതക്കെതിരെ അമേരിക്കയുടെ നേതൃത്വത്തിലുള്ള അന്തർദേശീയ സഖ്യം അരുന്ധതി റോയി നിരീക്ഷിച്ചതുപോലെ മുഖ്യമായും ലോകത്തെ സമ്പന്ന രാഷ്ട്രങ്ങളുടെ കൂട്ടായ്മയാണ്. അവർ എല്ലാതരം ആയുധങ്ങളും നിർമിക്കുകയും പരസ്പരം കൈമാറുകയും ചെയ്യുന്നു. അത്യന്തം വിനാശകരമായ രാസ, ജൈവ, ആണവായുധങ്ങളുടെ വലിയ ശേഖരം കൈവശം വെക്കുകയും ചെയ്യുന്നു. ലോകത്ത് ഏറ്റവുമധികം യുദ്ധം ചെയ്തിട്ടുള്ളത് അവരാണ്. ആധുനിക ചരിത്രത്തിലെ മിക്കവാറും വംശീയ ഉന്മൂലനങ്ങൾക്കും കീഴ്പ്പെടുത്തലുകൾക്കും വർഗപരമായ തുടച്ചുനീക്കലുകൾക്കും നേതൃത്വം നൽകിയതവരാണ്. അറിയപ്പെടാത്ത എണ്ണമറ്റ ഭീകരവാദികൾക്കും സ്വേഛാധിപതികൾക്കും ആയുധവും പണവും നൽകിയതും അവർതന്നെ**

കൂട്ടാളികളാണെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ് അമേരിക്ക.

അമേരിക്ക എന്നത് ഇന്നൊരു രാഷ്ട്രത്തിന്റെ പേരല്ല. സമഗ്രാധിപത്യപരമായ ഒരു മർദക പ്രത്യയശാസ്ത്രത്തിന്റെയും സംസ്കാരത്തിന്റെയും ജീവിതരീതിയുടെയും പ്രതിരൂപമാണ്. അതിന്റെ പ്രത്യയശാസ്ത്ര അടിത്തറ വംശീയതയാണ്. ചുവന്ന ഇന്ത്യക്കാരെയും അമേരിക്കയിലെ ആദിമനിവാസികളായ മായന്മാരെയും അവരുടെ സംസ്കാരത്തെയും ഉന്മൂലനം ചെയ്തുകൊണ്ടാണ് അമേരിക്കൻ നാഗരികത കെട്ടിപ്പടുത്തിട്ടുള്ളത്. ഭീകരതയിലൂടെ നിലവിൽവരികയും ഭീകരതയിലൂടെ നിലനിൽക്കുകയും ചെയ്യുന്ന ഒരു രാഷ്ട്രം ഭീകരതക്കെതിരെ ആഗോളയുദ്ധം നടത്തിക്കൊണ്ടിരിക്കുന്ന വിരോധാഭാസത്തിനാണ് ലോകം സാക്ഷിയാകുന്നത്. അമേരിക്കയുടെ സൈനിക, സാമ്പത്തിക താൽപര്യങ്ങൾ സംരക്ഷിക്കാൻ നടത്തിയ ഏകപക്ഷീയമായ ആക്രമണങ്ങളായിരുന്നു അവയെല്ലാം. ആറ്റം ബോംബടക്കം വർഷിച്ചുകൊണ്ട് അമേരിക്ക കൊന്നുതള്ളിയ മനുഷ്യർക്ക് കൈയും കണക്കുമില്ല.

യുദ്ധമാണ് അമേരിക്കയുടെ ഏറ്റവും വലിയ വ്യവസായം. ഇതര വ്യവസായങ്ങളിൽ യൂറോപ്യൻ രാജ്യങ്ങളേക്കാൾ ഏറെ പിറകിലുള്ള അമേരിക്ക പിടിച്ചുനിൽക്കുന്നത് യുദ്ധവ്യവസായത്തിലൂടെയാണ്. നവീനമായ ആയുധങ്ങൾ കണക്കില്ലാതെ ഉൽപാദിപ്പിക്കുകയും അവക്ക് വിപണിയൊരുക്കാൻ യുദ്ധങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് കാലങ്ങളായി അമേരിക്ക പിന്തുടരുന്ന നയം. ആയുധങ്ങളുടെ മാർക്കറ്റിംഗ് നിലനിർത്താൻ ലോകത്ത് സമാധാനവും നീതിയും ഒരിക്കലും പുലരരുതെന്നും അമേരിക്കക്ക് നിർബന്ധമുണ്ട്. ഏറെ കൊട്ടിഘോഷിക്കപ്പെട്ട അമേരിക്കയുടെ ഭീകരതാവിരുദ്ധ യുദ്ധം അവരുടെ ആയുധവ്യവസായത്തിലെ ഒരു പ്രധാന ഉരുപ്പടി മാത്രം. ലോകത്താകെ ഭീതി പരത്തി എല്ലാവരെയും തങ്ങളുടെ പക്ഷത്ത് അണിനിരത്താൻ ഒരു ശത്രുവിനെ എന്നും അമേരിക്കക്ക് ആവശ്യമായിരുന്നു. സോവിയറ്റ് യൂനിയന്റെ പ്രതാപകാലത്ത് കമ്യൂണിസമായിരുന്നു ആ ശത്രു. സോവിയറ്റ് യൂനിയൻ തകർന്നതോടെ ഇസ്‌ലാമിനെയും മുസ്‌ലിംകളെയുമാണ് അമേരിക്ക ആ സ്ഥാനത്ത് പ്രതിഷ്ഠിച്ചിരിക്കുന്നത്. മുസ്‌ലിം ഭീകരത, ഇസ്‌ലാമിക ഭീകരത എന്നെല്ലാം പറഞ്ഞ് മടുത്തപ്പോൾ ഇസ്‌ലാമിക ഫാഷിസം എന്ന പുതിയൊരു സംജ്ഞ കൂടി ജോർജ് ബുഷ് വികസിപ്പിച്ചെടുത്തിരിക്കുകയാണിപ്പോൾ. വിദ്വേഷ രാഷ്ട്രീയത്തിന് ഇന്ധനം പകരാനാവുമെന്നതിൽകവിഞ്ഞ് യാതൊരടിസ്ഥാനവും ഈ പദാവലികൾക്കില്ല.

## അമേരിക്കയുടെ യഥാർഥ മുഖം

ലോകത്തിലെ എണ്ണമറ്റ ഭീകര പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ഒട്ടേറെ ഭീകരവാദികളെ പോറ്റുകയും ചെയ്ത രാഷ്ട്രമാണ് അമേരിക്ക. ഭീകരതക്കെതിരെ അമേരിക്കയുടെ നേതൃത്വത്തിലുള്ള അന്തർദേശീയ സഖ്യം അരുന്ധതി റോയി നിരീക്ഷിച്ചതുപോലെ മുഖ്യമായും ലോകത്തെ സമ്പന്ന രാഷ്ട്രങ്ങളുടെ കൂട്ടായ്മയാണ്. അവർ എല്ലാതരം ആയുധങ്ങളും നിർമിക്കുകയും പരസ്പരം കൈമാറുകയും ചെയ്യുന്നു. അത്യന്തം വിനാശകരമായ രാസ, ജൈവ, ആണവായുധങ്ങളുടെ വലിയ ശേഖരം കൈവശം വെക്കുകയും ചെയ്യുന്നു. ലോകത്ത് ഏറ്റവുമധികം യുദ്ധം ചെയ്തിട്ടുള്ളത് അവരാണ്. ആധുനിക ചരിത്രത്തിലെ മിക്കവാറും വംശീയ ഉന്മൂലനങ്ങൾക്കും കീഴ്പ്പെടുത്തലുകൾക്കും വർഗപരമായ തുടച്ചുനീക്കലുകൾക്കും നേതൃത്വം നൽകിയതവരാണ്. അറിയപ്പെടാത്ത എണ്ണമറ്റ ഭീകരവാദികൾക്കും സ്വേഛാധിപതികൾക്കും ആയുധവും പണവും നൽകിയതും അവർതന്നെ ('യുദ്ധമാണ് സമാധാനം' എന്ന അരുന്ധതിയുടെ ലേഖനം). ആധുനിക കാലത്തെ ഏറ്റവും വലിയ ഭീകരരാഷ്ട്രമായ ഇസ്രയേലിന്റെ എല്ലാ ക്രൂരകൃത്യങ്ങൾക്കും ഒത്താശ ചെയ്തുകൊടുക്കുന്നതും അമേരിക്കതന്നെ.

ഭീകരതക്കെതിരെ യുദ്ധമെന്ന പേരിൽ സ്വതന്ത്ര പരമാധികാര രാജ്യങ്ങളിൽ കടന്നുകയറ്റം തുടരുന്ന അമേരിക്ക സ്വാതന്ത്ര്യം, ജനാധിപത്യം, മനുഷ്യാവകാശം തുടങ്ങിയ മൂല്യങ്ങളെയൊക്കെ സ്വന്തം താൽപര്യത്തിനുതകുംവിധം നിർവചിച്ചുകൊണ്ട് ലോകത്തെ വഞ്ചിക്കുകയാണ്. അമേരിക്കക്ക് ജനാധിപത്യം സാമ്രാജ്യത്വ താൽപര്യങ്ങൾ സംരക്ഷിക്കാനുള്ള ഉപകരണം മാത്രം. ലോകത്തെ ഏറ്റവും വലിയ ജനാധിപത്യവിരുദ്ധരുമായിട്ടാണ് എല്ലാ കാലത്തും അമേരിക്കയുടെ വേഴ്ച. ജനാധിപത്യം മധ്യപൗരസ്ത്യദേശത്ത് ഒരിക്കലും ഉണ്ടായിക്കൂടാ എന്നും അമേരിക്കക്ക് നിർബന്ധമുണ്ട്. മധ്യപൗരസ്ത്യ രാജ്യങ്ങളിലെ സ്വേഛാധിപതികളെ താങ്ങിനിർത്തുന്നത് അവിടെ പുലരുന്ന ജനാധിപത്യം തങ്ങളുടെ താൽപര്യങ്ങൾക്ക് ഹാനികരമാകുമെന്ന അമേരിക്കയുടെ സൃഗാലബുദ്ധിയാണ്. ഫലസ്തീനിൽ ഹമാസിനെ ശ്വാസം മുട്ടിക്കുന്നതിന് പിന്നിൽ പ്രവർത്തിക്കുന്നതും അമേരിക്കൻ ചരടുവലികളാണ്.

## നീതി, സ്വാതന്ത്ര്യം: അമേരിക്കൻ ഭാഷ്യം

നീതി, സ്വാതന്ത്ര്യം തുടങ്ങിയവക്ക് അമേരിക്കൻ കമ്പോള താൽപര്യങ്ങൾക്കനുസരിച്ചുള്ള വ്യാഖ്യാനങ്ങളും നിർവചനങ്ങളുമാണുള്ളത്. അതുപ്രകാരം നീതിയും സ്വാതന്ത്ര്യവും അമേരിക്കൻ അതിർത്തിക്കുള്ളിലും അമേരിക്കക്കാർക്ക് മാത്രവുമുള്ളതുമാണ്. തങ്ങളുടെ കമ്പോളത്തിനും മൂലധനത്തിനും എവിടെയും വിഹരിക്കാനും ആ വിഹാരത്തിന് തടസ്സം നിൽക്കുന്നവരെയെല്ലാം വേട്ടയാടാനുമുള്ള സ്വാതന്ത്ര്യം എന്ന് കൂടിയാണ് സ്വാതന്ത്ര്യം എന്ന് പറയുമ്പോൾ അമേരിക്ക ഉദ്ദേശിക്കുന്നത്. അമേരിക്കയുടെ അഫ്ഗാൻ അധിനിവേശത്തിന് ആദ്യം അവർ നൽകിയ പേര് 'ഓപ്പറേഷൻ ഇൻഫിനിറ്റീവ് ജസ്റ്റിസ്' (അനന്ത നീതിക്ക് വേണ്ടിയുള്ള പോരാട്ടം) എന്നായിരുന്നു. ഇതിനെ ചൊല്ലി വിമർശനം ഉയർന്നപ്പോൾ 'ഓപ്പറേഷൻ എൻഡ്യൂറിംഗ് ഫ്രീഡം' (തുടർ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള യുദ്ധം) എന്നാക്കി മാറ്റി. നീതിയെയും സ്വാതന്ത്ര്യത്തെയും എങ്ങനെ അമേരിക്കക്ക് മാത്രമായി പരിമിതപ്പെടുത്താം എന്നതിന്റെ മികച്ച ഉദാഹരണമാണിത്. ചിലർക്ക് കിട്ടുന്ന അനന്തമായ നീതി മറ്റു ചിലർക്ക് അനന്തമായ അനീതിയാണ്. ചിലരുടെ തുടർ സ്വാതന്ത്ര്യം മറ്റു ചിലരുടെ തുടർച്ചയായ കീഴടങ്ങലാണ് എന്ന അരുന്ധതി റോയിയുടെ വിമർശനം ('അനന്ത നീതിയുടെ ബീജഗണിതം' എന്ന ലേഖനം) നീതിയെയും സ്വാതന്ത്ര്യത്തെയും കുറിച്ച അമേരിക്കൻ നിർവചനത്തിന്റെ മനുഷ്യവിരുദ്ധത അടയാളപ്പെടുത്തുന്നതാണ്. ചുരുക്കത്തിൽ, അമേരിക്ക നടത്തുന്ന എല്ലാ അധിനിവേശത്തിന്റെയും പിറകിലെ യഥാർഥ ലക്ഷ്യം അമേരിക്കൻ മൂലധനത്തിന് നിരുപാധികമായും നിർബാധമായും ഒഴുകാനുള്ള സൗകര്യം ഒരുക്കലാണ്. മൂലധനത്തിന്റെ ഈ സ്വാതന്ത്ര്യത്തെയാണ് മൂലധന ഭീകരതയായി നാം തിരിച്ചറിയേണ്ടത്.

മനുഷ്യാവകാശത്തിനും അമേരിക്കൻ വ്യാഖ്യാനമുണ്ട്. ഈ വ്യാഖ്യാനപ്രകാരം മനുഷ്യാവകാശ ലംഘനങ്ങൾ അമേരിക്കൻ അതിർത്തിക്കുള്ളിൽ മാത്രമാണ് പാടില്ലാത്തത്. അവർ പാട്ടത്തിനെടുക്കുകയോ കീഴടക്കുകയോ ചെയ്ത ഗ്വാണ്ടനാമോയിലും അബൂഗുറൈബിലും യുദ്ധത്തടവുകാരുടെ മേൽ പ്രയോഗിക്കുന്ന മനുഷ്യത്വം വിറങ്ങലിച്ചുപോകുന്ന കൊടും പീഡനങ്ങൾ അമേരിക്കൻ നിർവചനത്തിൽ മനുഷ്യാവകാശ ലംഘനങ്ങളുടെ പട്ടികയിൽ വരില്ല. ഉപരോധത്തിലൂടെ അഫ്ഗാനിസ്താനിലെയും ഇറാഖിലെയും കുഞ്ഞുങ്ങൾക്കും സ്ത്രീകൾക്കും വൃദ്ധന്മാർക്കും മരുന്നും ഭക്ഷണവും നിഷേധിക്കുന്നതും മനുഷ്യാവകാശലംഘനമല്ല. 'അപരിഷ്കൃത വർഗങ്ങൾക്കെതിരെ വിഷവാതകം ഉപയോഗിക്കുന്നതിനെ ഞാൻ ശക്തിയായി പിന്താങ്ങുന്നു'വെന്ന് മുൻ ബ്രിട്ടീ

ഷ് പ്രധാനമന്ത്രി വിൻസ്റ്റൻ ചർച്ചിൽ പ്രസ്താവിച്ചതും ഇതേ മനോഘടന കാരണമാണ്.

ഇതിനെല്ലാം അടിസ്ഥാനമായി വർത്തിക്കുന്നത് അമേരിക്ക വികസിപ്പിച്ചെടുത്ത West and Rest (പടിഞ്ഞാറും മറ്റുള്ളവരും) എന്ന രീതിയിൽ തങ്ങളൊഴികെ ലോകത്തെ മറ്റുള്ളവരെയെല്ലാം അപരവത്കരിക്കുന്ന തികച്ചും മാനവവിരുദ്ധമായ ഒരു പരികൽപനയാണ്. ഇന്ന് ലോകത്തെ അടക്കി ഭരിച്ചുകൊണ്ടിരിക്കുന്ന അനീതിയുടെ ലോകക്രമത്തിന്റെ മുഴുവൻ പ്രത്യയശാസ്ത്രവും ഈ പരികൽപനയിൽ അടങ്ങിയിട്ടുണ്ട്.

### ലോകവേദികളുടെ പങ്ക്

ജനാധിപത്യം, മനുഷ്യാവകാശം, നീതി തുടങ്ങിയവ സ്ഥാപിക്കുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ടി രൂപം കൊണ്ട ഐക്യരാഷ്ട്രസഭ അടക്കമുള്ള പൊതുവേദികൾ ആധിപത്യശക്തികളുടെ ചൊൽപടിയിലായതിനാൽ അനീതിക്ക് കാർമികത്വം വഹിക്കുകയോ കൂട്ടുനിൽക്കുകയോ ചെയ്യേണ്ട ഗതികേടിനെ അഭിമുഖീകരിക്കുകയാണിന്ന്. ഇതിനെ ഗതികേട് എന്ന് വിശേഷിപ്പിക്കുന്നതിലും വലിയ അർഥമില്ല. കാരണം യു.എന്നും മുൻഗാമി ലീഗ് ഓഫ് നേഷൻസും ആധിപത്യശക്തികൾ തങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ രൂപം കൊടുത്ത വേദികളാണ്. രക്ഷാസമിതിയിലെ അഞ്ച് സ്ഥിരാംഗങ്ങൾക്ക് അനുവദിക്കപ്പെട്ട വീറ്റോ അധികാരം ഈ ലോകവേദിയുടെ ഘടനതന്നെ അനീതിയിലധിഷ്ഠിതമാണെന്ന് വ്യക്തമാക്കുന്നു. യു.എൻ രൂപീകരിക്കപ്പെടുന്ന കാലത്ത് അമേരിക്കയെ പോലെ സോവിയറ്റ് യൂനിയനും പ്രബല ശക്തിയായിരുന്നു. ബ്രിട്ടന്റെയും ഫ്രാൻസിന്റെയും പഴയ പ്രതാപം ഒട്ടൊന്ന് മങ്ങിയിരുന്നുവെങ്കിലും അക്കാലം വരെ ലോകം നിയന്ത്രിച്ച ശക്തികളെന്ന നിലക്ക് അവർക്കും കാര്യമായ സ്വാധീനമുണ്ടായിരുന്നു. അതിനാൽ തുടക്കത്തിൽ ഈ രാജ്യങ്ങളുടെയെല്ലാം താൽപര്യങ്ങൾ യു.എന്നിൽ തുല്യ അനുപാതത്തിൽ സംരക്ഷിക്കപ്പെട്ടു. എന്നാൽ ശീതയുദ്ധാനന്തരം യു.എൻ അമേരിക്കയുടെ മാത്രം ചൊൽപടിയിലായി. ഇപ്പോൾ അമേരിക്കയുടെയും അവർ പിന്താങ്ങുന്നവരുടെയും താൽപര്യങ്ങൾ സംരക്ഷിക്കാനുള്ള വേദി മാത്രമായി യു.എൻ പരിമിതപ്പെട്ടിരിക്കുന്നു. ഇസ്രയേൽഭീകരതയെ അപലപിക്കുന്ന പ്രമേയങ്ങൾ നിരന്തരമായി വീറ്റോ ചെയ്യപ്പെടുന്നത് അതുകൊണ്ടാണ്. മറുഭാഗത്ത് അഫ്ഗാനിസ്താനിലും ഇറാഖിലും ഇപ്പോൾ ഇറാനിലും ഉപരോധം ഐക്യരാഷ്ട്ര സഭയുടെ ചെലവിൽ അമേരിക്ക അടിച്ചേൽപിക്കുന്നു.

**പലിശക്കും ധൂർത്തിനും ദുർവ്യയത്തിനുമെതിരായ പോരാട്ടങ്ങളും സാമൂഹികനീതിക്കു വേണ്ടിയുള്ള മുറവിളികളും സഹകരണത്തിനും സഹാനുഭൂതിക്കും വേണ്ടിയുള്ള ആഹ്വാനങ്ങളും സേവനപാതയിലെ കൂട്ടായ യത്നങ്ങളും നിലനിൽക്കുന്ന അനീതിയുടെ ലോകക്രമത്തിന്റെ അടിത്തറകളെ തകർക്കുമെന്ന കാര്യത്തിൽ സംശയമില്ല. 'നീതിക്ക് നിലനിൽപിന് യുവതയുടെ സമരസാക്ഷ്യം' എന്നത് അത്തരമൊരു ബഹുമുഖ പോരാട്ടത്തിന് സോളിഡാരിറ്റി യൂത്ത് മൂവ്മെന്റ് കേരളീയ യുവതക്കു മുമ്പിൽ സമർപ്പിക്കുന്ന അജണ്ടയാണ്.**

അമേരിക്കയുടെ അഫ്ഗാൻ അധിനിവേശവും യു.എൻ അനുമതിയോടുകൂടിയായിരുന്നു. സെർബ് ഭീകരതക്കെതിരെ സ്വയം പ്രതിരോധത്തിനുള്ള ആയുധം പോലും ബോസ്നിയൻ മുസ്ലിംകൾക്ക് ഉപരോധത്തിലൂടെ യു.എൻ നിഷേധിച്ചു. ആണവപ്രശ്നത്തിൽ ഇറാനെയും ഉത്തര കൊറിയയെയും വിരട്ടാനും ഈ ലോകവേദി അമേരിക്ക ഉപയോഗിച്ചു. മറുഭാഗത്ത് ഇസ്രയേൽ എത്രയോ കാലമായി ആണവശക്തി കൈവരിച്ചത് ഐക്യരാഷ്ട്രസഭ കണ്ടഭാവം നടിച്ചില്ല.

ആധിപത്യശക്തികൾക്ക് കൊള്ള മുതൽ പങ്കുവെക്കാനും ദുർബല രാജ്യങ്ങളെ വിരട്ടാനുമുള്ള വേദി മാത്രമാണ് ലീഗ് ഓഫ് നേഷൻസ് എന്ന് ഒന്നാം ലോക യുദ്ധാനന്തര ലോക സാഹചര്യം വിശകലനം ചെയ്ത് സയ്യിദ് മൗദൂദി പ്രകടിപ്പിച്ച അഭിപ്രായം, ഇന്ന് ഐക്യരാഷ്ട്ര സഭക്കും ബാധകമാണ്.

### സാമ്പത്തികരംഗം

അമേരിക്ക അടിച്ചേൽപിക്കുന്ന ആഗോളവത്കരണ സാമ്പത്തികനയങ്ങൾ സാമ്പത്തിക രംഗത്തെയും അനീതിക്ക് കീഴ്പ്പെടുത്തിയിരിക്കുകയാണ്. സമ്പത്ത് വിരലിലെണ്ണാവുന്ന ഏതാനും മുതലാളിമാരിലേക്ക് കൂടുതൽ കൂടുതൽ കേന്ദ്രീകരിക്കപ്പെടുകയും ബഹുഭൂരിപക്ഷം ജനങ്ങളും പ്രാന്തവത്കരിക്കപ്പെടുകയും ചെയ്യുന്നതാണ് ആഗോള-ഉദാരവത്കരണങ്ങളുടെ ഏറ്റവും വലിയ പ്രത്യാഘാതം. വികസിത രാജ്യമായ അമേരിക്കയിൽ പോലും ആഗോളവത്കരണം സാമ്പത്തിക അസമത്വം വർധിപ്പിച്ചതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഒന്നാം ലോകത്തിനകത്തുതന്നെ ദരിദ്രരുടെ ഒരു മൂന്നാം ലോകം രൂപപ്പെട്ടുകൊണ്ടിരിക്കുന്നുണ്ടെന്ന് സാരം. ഇതിന്റെ മറുവശം കൂടുതൽ ഭീകരമാണ്. മൂന്നാം ലോകരാജ്യങ്ങളിൽ ആഗോളവത്കരണത്തിന്റെ ഗുണഭോക്താക്കളായ ഒരു ചെറു ന്യൂനപക്ഷം തടിച്ചുകൊഴുക്കുന്നുണ്ടെങ്കിലും ബഹുഭൂരിപക്ഷത്തിനും സാമൂഹികനീതിയുടെ പ്രാഥമിക താൽപര്യങ്ങൾ പോലും നിഷേധിക്കപ്പെടുകയാണ്. ഇന്ത്യയിൽ ഭക്ഷണത്തിനും കൃഷിക്കുമുള്ള സബ്സിഡികൾ എടുത്തുകളഞ്ഞപ്പോൾ അവശ്യവസ്തുക്കളുടെ വില കുതിച്ചുയർന്നു. അതുമൂലം മുമ്പ് കഷ്ടിച്ച് ജീവിച്ചുപോയിരുന്നവർ ഇപ്പോൾ ആഹാരക്കുറവുള്ളവരായി. മുമ്പ് ആഹാരക്കുറവുള്ളവർ ഇപ്പോൾ പട്ടിണിയിലേക്ക് പതിച്ചു. മുമ്പ് പട്ടിണിയിലായിരുന്നവർ ഇപ്പോൾ മരിക്കുന്നു. തുടർക്കഥയായി മാറിയ വയനാട്ടിലെ കർഷക ആത്മഹത്യകൾ മാത്രം മതി ആഗോളവത്കരണം എങ്ങനെ നമ്മുടെ കൃഷിയെ മാരകമായി ബാധിച്ചിരിക്കുന്നു എന്നറിയാൻ.

വ്യവസായ പുനഃസംഘടനാ പരിപാടികൾ മൂലം കോടിക്കണക്കിന് ജനങ്ങൾക്ക് തൊഴിൽ നഷ്ടപ്പെട്ടു. പരിമിതമായ തൊഴിലിന് വളരെ കൂടുതൽ ആളുകൾ മത്സര രംഗത്തിറങ്ങിയതോടെ നിസ്സാരമായ കൂലിക്ക് തൊഴിലെടുക്കേണ്ട സാഹചര്യം സംജാതമായി. മുംബൈയിലെ ഏതാണ്ട് 5000 യൂനിറ്റുള്ള ഒരു വ്യവസായ എസ്റ്റേറ്റിൽ മാസശമ്പളം സർക്കാർ നിശ്ചയിച്ച മിനിമം കൂലിയേക്കാൾ എത്രയോ കുറച്ച് 500 രൂപ കൊടുക്കുന്നതായി ഒരു സർവേ വെളിപ്പെടുത്തുകയുണ്ടായി.

സ്വകാര്യ മൂലധനത്തിന്റെ തിരതല്ലലിൽ കൃഷിക്ക് പുറമെ പരമ്പരാഗത വ്യവസായവും തകർന്നതിനാൽ ലക്ഷക്കണക്കിനാളുകൾ തൊഴിൽരഹിതരായി. സേവന മേഖലയിൽനിന്ന് സർക്കാറുകൾ പിൻവാങ്ങിയതു മൂലം പാവപ്പെട്ടവർക്ക് വിദ്യാഭ്യാസവും ചികിത്സയും കിട്ടാക്കനിയായി മാറി. ലോക ബാങ്ക്, ഐ.എം.എഫ്, എ.ഡി.ബി തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ സാമ്പത്തികരംഗത്ത് അനീതിയുടെ ലോകക്രമം പടു

ത്തുയർത്താനുള്ള സാമ്രാജ്യത്വത്തിന്റെ കൈയിലെ മർദനോപകരണങ്ങളാണ്.

ആഗോളവത്കരണം തുറന്നു തരുന്ന സ്വതന്ത്ര കമ്പോളവും കിടമത്സരവും ഒരിക്കലും നീതിപൂർവകമായ ഒന്നല്ല. അവിടെ കരുത്തും സമ്പത്തുമുള്ളവർക്കേ ജയിക്കാനാകൂ. പരിമിതമായ ജോലികൾക്കും സാധനങ്ങൾക്കും ചരക്കുകൾക്കും വേണ്ടിയുള്ള അന്ധമായ കിടമത്സരമാണിത്. ചിലർക്ക് ജയിക്കാൻ ഒരുപാട് പേർ തോൽക്കുന്ന മത്സരം. അർഹതയുള്ളത് മാത്രം അതിജീവിക്കുന്നു എന്ന ഡാർവിനിസമാണ് ഈ മത്സരത്തിന്റെ അടിത്തറ.

### സാമൂഹികരംഗം

സാമൂഹികരംഗത്ത് നീതി, സമത്വം തുടങ്ങിയ മുദ്രാവാക്യങ്ങളും ധാരാളമായി ഉയർന്നു കേൾക്കുന്നുണ്ടെങ്കിലും അമേരിക്ക പ്രതിനിധാനം ചെയ്യുന്ന പുതിയ ലോകക്രമത്തിൽ വർണവിവേചനവും അപര വംശീയതകളോടുള്ള അവഗണനയും അസഹിഷ്ണുതയും വർധിച്ചുവരുന്നതാണ് വർത്തമാനകാലാനുഭവം. കായികരംഗത്ത് രാജ്യത്തിന്റെ യശസ്സ് ഉയർത്തിപ്പിടിക്കാൻ കറുത്ത വർഗക്കാരുടെ മെയ്ക്കരുത്തിനെ അമേരിക്ക ചൂഷണം ചെയ്യുമ്പോഴും, രാജ്യത്തിനകത്ത് അവരോടുള്ള വിവേചനം തുടരുകയാണ്. അമേരിക്കൻ തടവറകളിലെ മഹാഭൂരിപക്ഷവും ന്യൂനപക്ഷമായ കറുത്ത വർഗക്കാരായത് വെള്ളക്കാരെല്ലാം ശുദ്ധന്മാരും കറുത്തവർഗക്കാർ മുഴുവൻ കുറ്റവാളികളുമായതുകൊണ്ടല്ല. യാതൊരു കുറ്റവും ചെയ്യാത്ത മുഅ്മിയാ അബൂ ജമാലിനെ പോലുള്ളവർ ഇന്നും തടവറകളിലാണ്. അമേരിക്കക്കുവേണ്ടി ഒളിമ്പിക്സിൽ മെഡൽ നേടിയിട്ടും വെള്ളക്കാരിൽനിന്ന് തനിക്ക് അനുഭവിക്കേണ്ടിവന്ന അപമാനത്തെക്കുറിച്ച് മുഹമ്മദലിയായി മാറിയ ബോക്സിംഗ് ഇതിഹാസം കാഷ്യസ് ക്ലേ തന്റെ ആത്മകഥയിൽ വിവരിക്കുന്നുണ്ട്.

മുസ്‌ലിംകൾ, ഏഷ്യൻ കുടിയേറ്റക്കാർ, മറ്റു മൂന്നാം ലോകരാജ്യക്കാർ തുടങ്ങിയവരും ഇന്ന് അമേരിക്കയിൽ അസഹിഷ്ണുതക്കിരയാകുന്നുണ്ട്. ഈ അസഹിഷ്ണുതയിൽനിന്ന് മൂന്നാം ലോകത്തെ അവരുടെ ആശ്രിതന്മാരായ ഭരണകർത്താക്കൾക്ക് പോലും രക്ഷയില്ലെന്നാണ് മുൻ രാജ്യരക്ഷാ മന്ത്രി ജോർജ് ഫെർണാണ്ടസിനെ അമേരിക്കയിൽ വെച്ച് തുണിയുരിഞ്ഞ് പരിശോധിച്ചതിൽനിന്ന് വ്യക്തമാകുന്നത്. താടിയും തലപ്പാവും കാണുകയോ അറബി സംസാരിക്കുന്നത് കേൾക്കുകയോ ചെയ്യുമ്പോഴേക്ക് വിറളി പിടിക്കാൻ മാത്രം അസഹിഷ്ണുത അമേരിക്കയിലും പടിഞ്ഞാറൻ രാജ്യങ്ങളിലും ഇപ്പോൾ രൂക്ഷമായിട്ടുണ്ട്.

### ഇന്ത്യൻ അവസ്ഥ

ജാതിമേധാവിത്വം കൊടികുത്തി വാണ ഇന്ത്യയിൽ നീതിനിഷേധത്തിനും വിവേചനങ്ങൾക്കും ആര്യൻ സവർണതയുടെ പ്രത്യയശാസ്ത്ര അടിത്തറ കൂടിയുള്ളതിനാൽ സ്ഥിതി കുറേകൂടി രൂക്ഷമാണ്. ഡോ. അംബേദ്കർ രൂപകൽപന ചെയ്ത ഇന്ത്യൻ ഭരണഘടന ഈ പ്രത്യയശാസ്ത്രത്തിന്റെ ആവിഷ്കാരരൂപങ്ങളെ തകർക്കാൻ പോന്നതാണെങ്കിലും ഭരണയന്ത്രം കൈപ്പിടിയിലൊതുക്കിയ മേധാവിത്വശക്തികൾ ഭരണഘടനയെ മറികടന്നും വിവേചനം തുടർന്നുപോരുന്നതാണ് കാണാൻ കഴിയുന്നത്. ന്യൂനപക്ഷങ്ങളും മറ്റു പിന്നാക്ക വിഭാഗങ്ങളും ഭരണഘടനാപരമായി നേടിയ ആനുകൂല്യങ്ങൾ നൽകാനുള്ള ശ്രമങ്ങളെ പോലും വെച്ചു പൊറുപ്പിക്കാൻ ഇവിടത്തെ ജാതി മേധാവിത്വം തയാറല്ലെന്നതിന്റെ തെളിവാണ് മണ്ഡൽ കമീഷൻ റിപ്പോർട്ടിനെതിരെ അരങ്ങേറിയ പ്രക്ഷോഭവും ആ റിപ്പോർട്ട് നടപ്പിലാക്കാൻ നടപടികളെടുത്ത വി.പി. സിംഗിനെ പ്രധാനമന്ത്രിസ്ഥാനത്തുനിന്ന് അട്ടിമറിച്ച സംഭവവും. അദ്വാനിയും ബി.ജെ.പിയുമായിരുന്നു അതിനു നേതൃത്വം കൊടുത്തതെങ്കിലും പിറകിൽ ഇന്ത്യയിലെ എല്ലാ രാഷ്ട്രീയ പാർട്ടികളിലും പെട്ട സവർണരുടെയും സവർണവത്കരിക്കപ്പെട്ട മാധ്യമങ്ങളുടെയും പൂർണമായ പിന്തുണ ഉണ്ടായിരുന്നു.

നീതിക്ക് കാവലാളാകേണ്ട ജുഡീഷ്യറി പിന്നാക്ക വിഭാഗങ്ങൾക്കെതിരാണെന്ന ധാരണ പരക്കെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ഇന്ത്യയിൽ വധശിക്ഷക്ക് വിധിക്കപ്പെട്ട കുറ്റവാളികളിൽ ഭൂരിപക്ഷവും പിന്നാക്ക വിഭാഗങ്ങളും ന്യൂനപക്ഷങ്ങളുമാണെന്ന വസ്തുത യാദൃഛികമാണെന്ന് പറഞ്ഞ് തള്ളിക്കളയാനാവില്ല. മുന്നാക്ക വിഭാഗക്കാരിൽ ആരും വധശിക്ഷക്ക് വിധിക്കാവുന്ന കുറ്റങ്ങൾ ചെയ്യാത്തതുകൊണ്ടല്ല ഇത്. ഗുജറാത്തിൽ വംശഹത്യ നടത്തിയവരും ബാബരിമസ്ജിദ് തല്ലിത്തകർത്തവരും മുംബൈ കലാപം സംഘടിപ്പിച്ചത് തങ്ങൾതന്നെയാണെന്ന് വീരസ്യം പറഞ്ഞവരും ആസ്ത്രേലിയൻ മിഷനറി ഗ്രഹാം സ്റ്റെയ്ൻസിനെയും കുടുംബത്തെയും ചുട്ടുകൊന്നവരും ഇപ്പോഴും സ്വൈരവിഹാരം നടത്തുകയാണല്ലോ. മറുഭാഗത്ത് മുംബൈ കലാപത്തിന്റെ പ്രതികരണമായ സ്ഫോടന കേസിലെ കുറ്റവാളികളെ ഘട്ടം ഘട്ടമായി ആഘോഷപൂർവം പ്രഖ്യാപിക്കുന്നതും കോയമ്പത്തൂർ കലാപത്തിന്റെ പ്രതികരണമായ സ്ഫോടനകേസിലെ പ്രതികളെന്ന പേരിലെ അറസ്റ്റ് ചെയ്യപ്പെട്ട അബ്ദുന്നാസിർ മഅ്ദനി അടക്കമുള്ളവർ കുറ്റം തെളിയിക്കപ്പെടാതെ ദീർഘനാളായി തടവിൽ നരകയാതന അനുഭവിക്കുന്നു. പാർലമെന്റ് ആക്രമണ കേസിൽ പിടിക്കപ്പെട്ട അഫ്സൽ ഗുരുവിന് തെളിവുകളില്ലെന്ന് ബോധ്യമായിട്ടും ഫാഷിസ്റ്റുകളും അവരുടെ കുഴലൂത്തുകാരായ മാധ്യമങ്ങളും സൃഷ്ടിച്ചുവിട്ട മുസ്‌ലിംവിരുദ്ധ പൊതുബോധത്തെ തൃപ്തിപ്പെടുത്താൻ വധശിക്ഷ വിധിച്ചതിനും നമുക്ക് സാക്ഷിയാകേണ്ടിവരുന്നു.

ഈയിടെ പുറത്തുവന്ന സച്ചാർ കമീഷൻ റിപ്പോർട്ട് ന്യൂനപക്ഷങ്ങൾക്ക്, പ്രത്യേകിച്ച് മുസ്‌ലിംകൾക്ക് നേരെയുള്ള നീതിനിഷേധത്തിന്റെ ഞെട്ടിക്കുന്ന കണക്കുകളാണ് അനാവരണം ചെയ്തത്. രാഷ്ട്രീയം, ഉദ്യോഗം, വിദ്യാഭ്യാസം തുടങ്ങിയ സർവ മേഖലകളിലും മുസ്‌ലിംകൾക്ക് നീതിനിഷേധിക്കപ്പെടുകയാണ് എന്നാണ് സച്ചാറിന്റെ കണ്ടെത്തൽ. ഈ നീതിനിഷേധം ഒരുഭാഗത്ത് അരങ്ങേറുമ്പോൾതന്നെ മറുഭാഗത്ത് ജസ്റ്റിസ് സച്ചാർ തന്നെ ചൂണ്ടിക്കാണിച്ചതുപോലെ, മുസ്‌ലിംസമുദായം ഭീകരരായി സംശയിക്കപ്പെടുകയും വേട്ടയാടപ്പെടുകയും ചെയ്യുന്നു. ഭീകരതയെക്കുറിച്ച അമേരിക്കൻ നിർവചനത്തിൽ ആകൃഷ്ടരായ ചില മാധ്യമങ്ങളും ഫാഷിസ്റ്റുകളും ചേർന്ന് സൃഷ്ടിച്ച പൊതുബോധമാണ് ഈയൊരവസ്ഥ സൃഷ്ടിച്ചത്. പാർലമെന്റ് ആക്രമണ കേസിൽ പിടിക്കപ്പെട്ട അഫ്സൽ ഗുരു, പ്രഫ. അബ്ദുർറഹ്മാൻ ഗീലാനി, തിഹാർ ജയിലിൽ നരകസമാനം പീഡിപ്പിക്കപ്പെട്ട *കശ്മീർ ടൈംസ്* ലേഖകൻ ഇഫ്തിഖാർ ഗീലാനി, അബ്ദുന്നാസിർ മഅ്ദനി തുടങ്ങിയവരെല്ലാം ഇന്ത്യയുടെ അമേരിക്കൻ മോഡൽ ഭീകരവേട്ടയുടെ ഇരകളാണ്. കേരളത്തിൽ പോലും അമേരിക്കൻ മോഡൽ ഭീകരവേട്ടയെ താലോലിക്കുന്നവർ രാഷ്ട്രീയത്തിലും പോലീസിന്റെ തലപ്പത്തും മാധ്യമങ്ങളിലുമുണ്ട് എന്ന് സംശയിക്കാവുന്ന സംഭവങ്ങളാണ് സമീപകാലത്ത് അരങ്ങേറിയത്. 'എല്ലാ മുസ്‌ലിംകളും ഭീകരരല്ല, എന്നാൽ ഭീകരരെല്ലാം മുസ്‌ലിംകളാണെ'ന്ന സംഘ്പരിവാർ സമവാക്യം ഒരു വിഭാഗം മാധ്യമങ്ങൾക്കും മതേതരരെന്ന് നടിക്കുന്ന ചില ബുദ്ധിജീവികൾക്കും കൂടി സ്വീകാര്യമായിത്തീർന്നിരിക്കുന്നു. സ്വാതന്ത്ര്യത്തിന്റെ പൊൻപുലരിയിൽ രാഷ്ട്രപിതാവിനെ നിഷ്ഠുരമായി വധിച്ച, ബാബരിമസ്ജിദ് ആഘോഷപൂർവം തല്ലിത്തകർത്ത, ഗുജറാത്തിൽ ഭരണകൂടത്തിന്റെ ഒത്താശയോടെ വംശഹത്യ നടത്തിയ, സ്വാതന്ത്ര്യാനന്തരം നൂറുകണക്കിന് വർഗീയ കലാപങ്ങൾ ആസൂത്രിതമായി സംഘടിപ്പിച്ച ഫാഷിസ്റ്റ് ശക്തികളെ ഭീകരവാദി

കളെന്ന് വിളിക്കാൻ മുസ്‌ലിം ഭീകരതക്കെതിരെ ആയിരം നാവോടുകൂടി സംസാരിക്കുന്ന മതേതര നാട്യക്കാർക്കും മനസ്സ് വരുന്നില്ലെന്നതാണ് നാം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രതിസന്ധി.

ഭീകരതയും തീവ്രവാദവും രോഗമല്ല, രോഗലക്ഷണമാണ് എന്ന് തിരിച്ചറിയാനുള്ള വിവേകം സാമ്രാജ്യത്വ, ഫാഷിസ്റ്റ് അജണ്ടക്ക് വശംവദരായതുകൊണ്ട് നമുക്ക് നഷ്ടപ്പെടുകയാണ്. സാമൂഹികനീതിയുടെ സാക്ഷാത്കാരമാണ് തീവ്രവാദത്തിനും ഭീകരപ്രവർത്തനങ്ങൾക്കുമുള്ള പരിഹാരം എന്ന യാഥാർഥ്യം അംഗീകരിക്കുന്നതിനു പകരം ന്യൂനപക്ഷങ്ങളെ ഒന്നടങ്കം ശത്രുപക്ഷത്ത് നിർത്തി വേട്ടയാടാനുള്ള ശ്രമം രാജ്യത്തെ കൂടുതൽ അസ്ഥിരപ്പെടുത്തുകയും ജനാധിപത്യ ഘടനയെ ക്ഷയിപ്പിക്കുകയും ചെയ്യുമെന്ന കാര്യം നാം മനസ്സിലാക്കിയേ പറ്റൂ. ഇന്ത്യയുടെ സുസ്ഥിരതക്ക് ഭീഷണിയായി വളർന്ന കശ്മീർ, ഖാലിസ്ഥാൻ, ഗൂർഖാ ലാന്റ്, ഉൾഫ, നക്സൽ തുടങ്ങിയ പ്രശ്നങ്ങളെല്ലാം രാഷ്ട്രീയമായും പ്രാദേശികമായുമുള്ള അവഗണനയുടെയും നീതിനിഷേധത്തിന്റെയും സൃഷ്ടിയാണെന്ന കാര്യം വിസ്മരിക്കാവതല്ല.

കരിനിയമങ്ങൾ അടിച്ചേൽപിച്ചതുകൊണ്ടോ പോലീസിന്റെയും പട്ടാളത്തിന്റെയും മുഷ്ക് കൊണ്ടോ ഇത് പരിഹരിച്ചുകളയാമെന്നത് മൗഢ്യമാണ്. ഏറെ കൊട്ടിഘോഷിക്കപ്പെടുന്ന അമേരിക്കയുടെ ഭീകരവിരുദ്ധ യുദ്ധവും അതിന്റെ ചുവടുപിടിച്ച് ഇന്ത്യയിലടക്കം വിവിധ രാജ്യങ്ങളിൽ അരങ്ങേറിയ ഭീകരവേട്ടയും യഥാർഥ ഭീകരതയെ ചെറുക്കുന്നതിൽ തികഞ്ഞ പരാജയമായിരുന്നുവെന്ന് വ്യക്തമായിക്കഴിഞ്ഞു. രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക രംഗങ്ങളിലെ നീതിനിഷേധങ്ങൾക്ക് അറുതിവരുത്തുക എന്നതാണ് സംഘർഷം ഒഴിവാക്കാനുള്ള ഏക പരിഹാരം. അതിനാൽ നീതി പുലരുന്ന ഒരു ലോകക്രമമെന്നത് ഒരു സ്വപ്നമോ സങ്കൽപമോ മാത്രം ആയാൽ പോരെന്നും സംഭവലോകത്തെ യാഥാർഥ്യമായി അത് ഉയർന്നുവരണമെന്നും നാം അഭിലഷിക്കുന്നു. കാരണം നീതിയാണ് എല്ലാറ്റിന്റെയും നിലനിൽപിനാധാരം. മതങ്ങളെ പാർശ്വവത്കരിക്കുകയും മതേതര ജനാധിപത്യം നടപ്പിലാക്കുകയും ചെയ്ത ആധുനികത നീതി നടപ്പാക്കുന്നതിൽ പരാജയപ്പെട്ടുവെന്ന് മാത്രമല്ല നീതിനിഷേധത്തിന്റെ ഒട്ടേറെ ഇരുണ്ട ഗർത്തങ്ങളിലേക്ക് അത് മനുഷ്യനെ തള്ളിവീഴ്ത്തുകയും ചെയ്തു. അതിനാൽ ദൈവം, പ്രപഞ്ചം, മനുഷ്യൻ എന്ന മൗലിക യാഥാർഥ്യങ്ങൾ തമ്മിലുള്ള പാരസ്പര്യത്തിന്റെ വെളിച്ചത്തിൽ ജീവിതത്തെ നിർവചിക്കുകയും ഉൽപത്തി, ജീവിതം, മരണം, നിയമം തുടങ്ങി എല്ലാറ്റിലും മനുഷ്യരാശിയുടെ ഏകത ഉയർത്തിപ്പിടിക്കുകയും ചെയ്യുന്ന ഒരു പ്രത്യയശാസ്ത്രത്തോട് പ്രതിബദ്ധതയുള്ള ജീവിതരീതിയിലൂടെയും സംസ്കാരത്തിലൂടെയും മാത്രമേ സമ്പൂർണ നീതി സാക്ഷാത്കരിക്കപ്പെടുകയുള്ളൂ. അതുപോലെ ആർത്തിയെയും ചൂഷണത്തെയും മത്സരത്തെയും മതവും മൂല്യവുമായി കൊണ്ടാടുന്ന ലോകക്രമത്തിന് മിതത്വവും സഹകരണവും സഹാനുഭൂതിയും ജീവിതമൂല്യങ്ങളായ മറ്റൊരു ലോകക്രമം കൊണ്ട് പകരം വെക്കുകയും ചെയ്യുമ്പോൾ മാത്രമേ നീതിനിഷേധത്തിന് ശാശ്വതമായി അറുതിവരികയുള്ളൂ. ഈ യാഥാർഥ്യത്തെ അംഗീകരിച്ചുകൊണ്ടുതന്നെ നിലനിൽക്കുന്ന അനീതിയുടെ ലോകക്രമത്തിന്റെ അടിത്തറകളെ ദുർബലമാക്കുന്ന താൽക്കാലികവും ദീർഘകാലാടിസ്ഥാനത്തിലുള്ളതുമായ പോരാട്ടങ്ങൾക്ക് നാം സജ്ജമാകണം. വ്യവസ്ഥയുടെ അനീതി കാരണം ഇരകളാക്കപ്പെടുന്നവരുടെ വിശാലമായ ഐക്യനിര പടുത്തുയർത്താനുള്ള ശ്രമങ്ങളും സമൂഹത്തിലും രാഷ്ട്രത്തിലും ജനാധിപത്യ മൂല്യങ്ങൾ പുനഃസ്ഥാപിക്കാനുള്ള പോരാട്ടങ്ങളും തീർച്ചയായും സമഗ്രാധിപത്യപരമായ ലോകക്രമത്തിന്റെ അടിത്തറകളെ ദുർബലമാക്കും. അതുപോലെ പലിശക്കും ധൂർത്തിനും ദുർവ്യയത്തിനുമെതിരായ പോരാട്ടങ്ങളും സാമൂഹികനീതിക്കു വേണ്ടിയുള്ള മുറവിളികളും സഹകരണത്തിനും സഹാനുഭൂതിക്കും വേണ്ടിയുള്ള ആഹ്വാനങ്ങളും സേവനപാതയിലെ കൂട്ടായ യത്നങ്ങളും നിലനിൽക്കുന്ന അനീതിയുടെ ലോകക്രമത്തിന്റെ അടിത്തറകളെ തകർക്കുമെന്ന കാര്യത്തിൽ സംശയമില്ല. 'നീതിക്ക് നിലനിൽപിന് യുവതയുടെ സമരസാക്ഷ്യം' എന്നത് അത്തരമൊരു ബഹുമുഖ പോരാട്ടത്തിന് സോളിഡാരിറ്റി യൂത്ത് മൂവ്മെന്റ് കേരളീയ യുവതക്കു മുമ്പിൽ സമർപ്പിക്കുന്ന അജണ്ടയാണ്. ■